"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - എറണാകുളം, തണ്ടേക്കാട് ജമാ അത്ത് ഹയർ സെക്കൻഡറി സ്കൂൾ മാനേജർ ഫയൽ ചെയ്ത റിട്ട് ഹർജി നം.33418/2023 മേലുള്ള ബഹു.കേരള ഹൈക്കോടതിയുടെ 11/10/2023 തീയതിയിലെ വിധിന്യായം പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.4095/2025/GEDN തീയതി,തിരുവനന്തപുരം, 23-06-2025

---

പരാമർശം:-

1. എറണാകുളം, തണ്ടേക്കാട് ജമാ അത്ത് ഹയർ സെക്കൻഡറി സ്കൂൾ മാനേജർ ഫയൽ ചെയ്ത റിട്ട് ഹർജി നം.33418/2023 മേലുള്ള ബഹു.കേരള ഹൈക്കോടതിയുടെ 11/10/2023-ലെ വിധിന്യായം.
2. കോതമംഗലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 12/12/2023-ലെ ഡിഇകെഎംജി/2443/2023/ബി3 നമ്പർ കത്ത്.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 20/12/2023-ലെ ആർഎ2/22074/2023/ഡി.ജി.ഇ നമ്പർ കത്ത്.
4. എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 22/01/2024 - ലെ ഡിഡി.ഇ/ഇ കെ എം/670/24 ബി 4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

എറണാകുളം, തണ്ടേക്കാട് ജമാ അത്ത് ഹയർ സെക്കൻഡറി സ്കൂൾ മാനേജർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നമ്പർ 33418/2023 മേലുള്ള പരാമർശം (1) വിധിന്യായത്തിൽ ബഹു. ഹൈക്കോടതി ഒന്നാം എതിർ കക്ഷിയായ സർക്കാരിനോട് വിധിന്യായത്തിന്റെ പകർപ്പ് ലഭിച്ച് മൂന്ന് മാസത്തിനുള്ളിൽ ഹർജിക്കാരനെ നേരിൽ കേട്ട് Ext-P4 റിവ്യൂ ഹർജി തീർപ്പാക്കാൻ നിർദ്ദേശിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ അണ്ടർ സെക്രട്ടറി 22/12/2023 ന് ബന്ധപ്പെട്ട കക്ഷികളെ നേരിൽ കേട്ടു.

2) <u>നേരിൽ കേട്ട വേളയിൽ ഹർജിക്കാരൻ ചുവടെ ചേർക്കും പ്രകാരം വാദിച്ചു</u>.

എറണാകുളം ജില്ലയിലെ കോതമംഗലം വിദ്യാഭ്യാസ ജില്ലയിൽപ്പെട്ട മുടിയ്ക്കൽ തണ്ടേക്കാട് ജമാ അത്ത് ഹയർ സെക്കൻഡറി സ്കൂൾ മാനേജർ ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) No.33418/2023 നമ്പർ റിട്ട് ഹർജിയിലെ 11.10.2023 -ലെ വിധിന്യായത്തിലെ 5-ാം ഖണ്ഡികയിൽ സ്കൂൾ മാനേജർ സർക്കാർ മുമ്പാകെ സമർപ്പിച്ച എക്സിബിറ്റ് പി4 റിവ്യൂ ഹർജിയിന്മേൽ മൂന്ന് മാസത്തിനുള്ളിൽ (നിലവിലുള്ള ചട്ടങ്ങളുടെ

അടിസ്ഥാനത്തിൽ) ഉചിതമായി പരിശോധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിനാണ് ബഹു.കോടതി സർക്കാരിന് നിർദ്ദേശം നൽകി വിധിയായിട്ടുള്ളത്. സ്കൂളിന്റെ 2022-23-ലെ തസ്തിക നിർണ്ണയത്തിൽ എൽ.പി. വിഭാഗത്തിൽ ഒരു എൽ.ജി. അറബിക് ടീച്ചർ തസ്തിക കുറവ് വരുത്തിയത് നിലനിർത്തി പ്രസ്തുത തസ്തിക പുനഃസ്ഥാപിക്കുന്നതിനാണ് മാനേജർ എക്സ്ബിറ്റ് പി4 ഹർജി സർക്കാർ മുമ്പാകെ സമർപ്പിച്ചിട്ടുള്ളത്. കോതമംഗലം വിദ്യാഭ്യാസ ജില്ലയിൽപ്പെട്ട തണ്ടേക്കാട് ജമാ-അത്ത് ഹയർ സെക്കൻഡറി സ്കൂളിന്റെ 2022-23 അക്കാദമിക വർഷത്തിലെ തസ്തിക നിർണ്ണയ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുമ്പുതന്നെ നിലവിലുള്ള നടപടിക്രമങ്ങൾ പ്രകാരം സമന്വയ പോർട്ടലിൽ സ്കൂളിന്റെ 6-ാം സാദ്ധ്യായ ദിവസത്തിലെ കുട്ടികളുടെ പ്രവേശനം സംബന്ധിച്ച വിശദ വിവരങ്ങൾ സ്കൂളിൽ നിന്നും സമർപ്പിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിലാണ് തസ്തിക നിർണ്ണയം കോതമംഗലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ പുറപ്പെടുവിച്ചത്. പ്രസ്തുത തസ്തിക നിർണ്ണയ ഉത്തരവിൽ യു.പി. വിഭാഗത്തിൽ 6,7 സ്റ്റാൻഡേർഡുകളിലായി കുട്ടികളുടെ സംഖ്യാബലത്തിന്റെ അടിസ്ഥാനത്തിൽ ഒന്ന് വീതം അധിക തസ്തികകളും കൂടാതെ ഹൈസ്കൂൾ വിഭാഗത്തിൽ 9-ാം സ്റ്റാൻഡേർഡിൽ ഒരു അധിക ഡിവിഷനും തദനുസൃതമായി ഒരു എച്ച്.എസ്.എ (കോർ വിഷയം) തസ്തികയും അനുവദനീയമാണ്. കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം 23-ലെ ചട്ടം 12(1)ൽ, 18.4.2022-ലെ ജി.ഒ.(പി)നം.5/2022/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ ഭേദഗതി വരുത്തിയതിന്റെ അടിസ്ഥാനത്തിൽ അധിക തസ്തികകൾ അനുവദിക്കുന്നതിനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാക്കിയിട്ടുള്ളതാണ്. പ്രസ്തുത ഭേദഗതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ അധിക തസ്തികകൾ അനുവദിക്കുന്നതിനുള്ള ശുപാർശ കുട്ടികളുടെ സംഖ്യാബലത്തിലുണ്ടായ വർദ്ധനവ് പുനഃപരിശോധനയിലൂടെ ബോദ്ധ്യപ്പെട്ട് പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ശുപാർശ ചെയ്യുന്നതിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ തലത്തിൽ അധിക തസ്തികകൾ മേൽപ്പറഞ്ഞ ഭേദഗതി ഉത്തരവ് പ്രകാരം അനുവദിക്കുന്നത്. അപ്രകാരം 7.7.2023-ലെ സ.ഉ.(കൈ)നം.95/2023/ പൊ.വി.വ നമ്പർ പ്രകാരമുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 6,7,9 സ്റ്റാൻഡേർഡുകളിൽ 1 വീതം അധിക ഡിവിഷനുകളും അനുവദിച്ച് കോതമംഗലം ജില്ലാവിദ്യാഭ്യാസ ഓഫീസർ 1.8.2023-ലെ ബി3/45370/2022 നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഈ സ്കൂളിലെ ലോവർ പ്രൈമറി വിഭാഗത്തിൽ ഒരു ജൂനിയർ ലാംഗ്വേജ് (അറബിക്) തസ്തിക കുറവ് വരുത്തിയും ഉത്തരവായിരിക്കുന്നു. എന്നാൽ 2022-23 ലെ തസ്തിക നിർണ്ണയ ഉത്തരവിൽ ലോവർ പ്രൈമറി വിഭാഗത്തിൽ 4 എൽ.ജി. അറബിക് അദ്ധ്യാപക തസ്തികകൾ മുൻ വർഷത്തേതുപോലെ തന്നെ അനുവദിച്ചിട്ടുള്ളതാണ് എന്ന് കാണാവുന്നതാണ്. അധിക തസ്തികകൾ അനുവദിക്കുന്നത് സംബന്ധിച്ച അധികാരം മാത്രമാണ് 18.4.2022-ലെ ജി.ഒ.(പി)നം.5/2022/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്നത്. കുട്ടികളുടെ സംഖ്യാബലത്തിൽ കുറവ് വരുന്ന പക്ഷം തസ്തികകളിൽ കുറവ് വരുത്തുന്നതിന് സർക്കാർ തലത്തിൽ പ്രസ്തുത ഉത്തരവ് പ്രകാരം പരിശോധിക്കേണ്ടതില്ല. ആയതിനാൽ 2022-23 ലെ തസ്തിക നിർണ്ണയത്തിൽ എൽ.പി.വിഭാഗത്തിൽ 4 എൽ.ജി. അറബിക് ടീച്ചർ തസ്തിക അനുവദിച്ചത് അന്തിമമായി നിലനിൽക്കുകയും ചെയ്യുന്നു. ആയതിനാൽ സ്കൂളിലെ എൽ.പി. വിഭാഗത്തിൽ അനുവദിച്ച 4 എൽ.ജി. അറബിക് ടീച്ചർ തസ്തിക കുറവ് വരുത്തിയത് പുനഃപരിശോധിച്ച് പ്രസ്തുത 4 തസ്തികകളും പുനഃസ്ഥാപിച്ച് ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്. തദനുസൃതമായി കോതമംഗലം ജില്ലാവിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി കോടതിവിധി

നടപ്പാക്കണമെന്നും അപേക്ഷിക്കുന്നു.

3) ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ ചുവടെ ചേർക്കും പ്രകാരം റിപ്പോർട്ട് ചെയ്തു.

കോതമംഗലം ജില്ല വിദ്യാഭ്യാസ ഓഫിസർ 2022-23 വർഷം ടി സ്കൂളിനു അധിക തസ്തിക അനുവദിക്കുന്നതിനുള്ള ശുപാർശ ഫയൽ സമർപ്പിക്കുകയും , ആയതിന്റെ അടിസ്ഥാനത്തിൽ ജമ അത്ത് എച്ച് എസ് എസ് തണ്ടേക്കാട് സ്കൂളിൽ 14/12/2022 തീയതിയിൽ കെ.ഇ.ആർ.അദ്ധ്യായം 2 3 ചട്ടം 12(4) പ്രകാരം നടത്തിയ ആകസ്മിക പ്രാഥമിക പരിശോധനയിൽ ആറാം പ്രവൃത്തി ദിനത്തിലെ എല്ലാ വിദ്യാർത്ഥികളുടെയും ഹാജരും രേഖകളുടെ ആധികാരികതയും പരിശോധിച്ച് ഉറപ്പുവരുത്തിയതിന്റെ അടിസ്ഥാനത്തിൽ ടി സ്കൂളിന് 6,7,9 ക്ലാസ്സുകളിൽ അധിക ഡിവിഷനുകൾക്കും തസ്തികകൾക്കും അർഹതയുള്ളതിനാൽ ജില്ല വിദ്യാഭ്യാസ ഓഫിസർ ശുപാർശ ചെയ്തു താഴെ പറയുന്ന തസ്തികകൾ ശുപാർശ ചെയ്യുകയുണ്ടായി .

HST MATHS -1, HST ARABIC-1, UPST-2, JUNIOR LANGUAGE TEACHER (HINDI) -1

എന്നാൽ സമ്പൂർണ പ്രകാരം അഡിഷണൽ വിഷയങ്ങൾ പഠിക്കുന്ന ആറാം പ്രവർത്തി ദിവസത്തെ കുട്ടികളുടെ എണ്ണം പരിശോധിച്ചതിൽ, ഒന്നാം ക്ലാസ്സിലെ അറബി പഠിക്കുന്നകുട്ടികളുടെ എണ്ണം 121 ആയിരുന്നു. എന്നാൽ, ഒന്നാം ക്ലാസിലെ അറബി പഠിക്കുന്ന കുട്ടികളുടെ എണ്ണത്തിൽ നിന്നും 25.08.2022 തീയതി ഒരു കുട്ടി ടി സി വാങ്ങി പോയതായി ബോധ്യപ്പെട്ടതിനെ തുടർന്ന് വിദ്യാലയ സന്ദർശനത്തിന്റെ അടിസ്ഥാനത്തിൽ ഒന്നാം ക്ലാസ്സിലെ അറബി പഠിക്കുന്ന കുട്ടികളുടെ എണ്ണം 121 ൽ നിന്നും 120 ആകുകയും, തത്ഫലമായി അറബിക് ഡിവിഷൻ ഒന്നാം ക്ലാസ്സിൽ 5 ൽ നിന്നും 4 ഡിവിഷനായി കുറയുമെന്നും കാണുകയുണ്ടായി. ഇതിൻ പ്രകാരം I-4, II-5, III-5, IV-5 എന്നിങ്ങനെയാണ് അറബിക് ഡിവിഷൻ ലഭിക്കുക. അപ്രകാരം തസ്തിക നിർണയം നടത്തുമ്പോൾ നിലവിൽ അനുവദിച്ചിരുന്ന ജൂനിയർ ലാംഗ്വേജ് അറബിക് (LP) തസ്തിക 4 ൽ നിന്നും 3 തസ്തികയായി കുറയുന്നതായും, ഇപ്രകാരം നഷ്ടപ്പെടുന്ന ടി തസ്തികയിൽ അദ്ധ്യാപകരില്ല എന്നും കണ്ടു. ആയതിന്റെ അടിസ്ഥാനത്തിലാണ് വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും അധിക തസ്തിക ശുപാർശ ഫയലിലെ വിസ്റ്റ് നോട്ടിൽ ടി വിവരങ്ങളും ഉൾപ്പെടുത്തിയതും, സർക്കാരിൽ നിന്നും മേൽ പരാമർശിച്ച പ്രകാരം അധിക ഡിവിഷനുകളും തസ്തികകളും അനുവദിച്ചു ലഭിച്ചതും . ആയതിന്റെ അടിസ്ഥാനത്തിലാണ് ഉത്തരവ് നമ്പർ ബി3/45370/2022 തീ 01.08.2023 പ്രകാരം ജില്ല വിദ്യാഭ്യാസ ഓഫിസർ തസ്തിക നിർണയം പുനർനിർണയിച്ചു നൽകിയതും എന്ന വസ്തുത അറിയിക്കുന്നു. ജില്ല വിദ്യാഭ്യാസ ഓഫീസറുടെ ടി ഉത്തരവിനെതിരെ മാനേജർ വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ അപ്പീൽ സമർപ്പിക്കുകയുണ്ടായി ,എന്നാൽ കെ ഇ ആർ ചട്ട ദേദഗതി G.O.(P).5/2022/പൊ.വി.വ തി 18/4/2022 പ്രകാരം അധിക തസ്തിക അനുവദിച്ചുവന്ന റിവൈസ്ഡ് തസ്തിക നിർണയ ഉത്തരവിന് മേലുള്ള അപ്പിലുകൾ വിദ്യാഭ്യാസ ഉപഡയറക്ടർ തലത്തിൽ പരിഗണിക്കാൻ സാധിക്കാത്തതിനാൽ ഉത്തരവ് നമ്പർ B4/61429/2023 തീയതി 24/10/2023 പ്രകാരം നിരസ്സിക്കുകയാണ് ഉണ്ടായിരുന്നതു. കൂടാതെ പൊതുവിദ്യാഭ്യാസ ഡയറക്ടർ മുൻപാകെ റിവിഷൻ അപ്പീൽ സമർപ്പിക്കുകയുണ്ടായി .വിദ്യാഭ്യാസ ഉപ ഡയറക്ടർ ഉന്നതതല പരിശോധന നടത്തി ശുപാർശ ചെയ്തിന്നതിന്റെ

അടിസ്ഥാനത്തിൽ ആയത് പരിശോധിച്ച് ആണ് ഡി ജി ഇ യിൽ നിന്നും സർക്കാരിലേക്ക് ശുപാർശ സമർപ്പിക്കുന്നത് എന്നതിനാലും , ഒന്നാം ക്ലാസിലെ അറബി പഠിക്കുന്ന കുട്ടികളുടെ എണ്ണം 121 ൽ നിന്നും 120 ആയി കുറഞ്ഞതിനാൽ അറബി ഡിവിഷന്റെ എണ്ണം 5 ൽ നിന്നും 4 ആയി കുറയുകയും ആയതിന്റെ അടിസ്ഥാനത്തിൽ LG Arabic തസ്തിക 4 ൽ നിന്നും 3 ആയി കുറച്ചാണ് സർക്കാർ കെ ഇ ആർ ചട്ട ഭേദഗതി G.O.(P).5/2022/പൊ.വി.വ തീയതി 18/4/2022 പ്രകാരം അധിക തസ്തിക അനുവദിച്ചിട്ടുള്ളത് എന്ന കാരണത്താൽ പൊതു വിദ്യഭ്യാസ ഡയറക്ടറുടെ ആർഎ 2/75555/2023 തീയതി 29/12/2023 നമ്പർ ഉത്തരവ് പ്രകാരം നിരസിക്കുകയും ഉണ്ടായി ആയതിനെതിരെയാണ് മാനേജർ ഇപ്പോൾ അങ്ങേയ്ക്ക് റിവിഷൻ ഹർജി സമർപ്പചചിരിക്കുന്നത്. കൂടാതെ സമ്പൂർണ്ണയിലെ നിലവിലെ സ്റ്റാഫ് ലിസ്റ്റ് പരിശോധിച്ചതിൽ നിന്നും ജൂനിയർ ലാംഗ്വേജ് അറബിക് (LP) തസ്തികയിൽ 3 അധ്യാപകർ മാത്രമേ നിലനിൽക്കുന്നുള്ളൂ . ടി തസ്തികയിൽ അധികമായി നിലനിൽക്കുന്ന അധ്യാപകർ ആരും തന്നെയില്ല.

4) നേരിൽ കേട്ട വേളയിൽ ഉന്നയിച്ച വാദഗതികളുടെയും, ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം പരിശോധിച്ചു. 1 -ാം ക്ലാസിലെ അറബി പഠിക്കുന്ന കുട്ടികളുടെ എണ്ണം 121 ൽ നിന്നും 120 ആയി കുറഞ്ഞതിനാൽ തസ്തികനിർണ്ണയം നടത്തുമ്പോൾ അറബി ഡിവിഷന്റെ എണ്ണം 5 ൽ നിന്നും 4 ആയി കുറയുകയും ആയതിന്റെ അടിസ്ഥാനത്തിൽ എൽ.ജി അറബിക് തസ്തിക 4 ൽ നിന്നും 3 ആയി കുറയുന്നത് എന്നതിനാൽ നഷ്ടപ്പെട്ട എൽ.ജി അറബിക് തസ്തിക പുനഃസ്ഥാപിക്കാനാകില്ല ആയതിനാൽ തണ്ടേക്കാട് ജമാ അത്ത് എച്ച്.എസ്.എസിൽ നിലനിന്നിരുന്ന നാലാമത്തെ എൽ.ജി. അറബിക് (എൽ.പി.) തസ്തിക പുനഃസ്ഥാപിച്ച് നൽകണമെന്ന് ആവശ്യപ്പെട്ടു കൊണ്ടു സമർപ്പിച്ചിരിക്കുന്ന Ext.P4 ഹർജിയിലെ ആവശ്യം നിരസിച്ചുക്കൊണ്ടും, അപ്രകാരം ബഹു.ഹൈക്കോടതിയുടെ പരാമർശം (1) വിധിന്യായം പാലിച്ച് കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ASWATHY K
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം).
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർ, എറണാകുളം.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കോതമംഗലം
ശ്രീ.മുക്താർ പി.എ, മാനേജർ, ജമാ- അത്ത് ഹയർ സെക്കൻഡറി സ്കൂൾ, തണ്ടേക്കാട് പി.ഒ, മുടിക്കൽ, പെരുമ്പാവൂർ, എറണാകുളം - 683 547
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Pradeep Kumar.**
**C. O**
**Date: 23-06-2025 10:49:43**

സെക്ഷൻ ഓഫീസർ